"ഭരണഭാഷ-മാതൃഭാഷ"

നമ്പർ. സി 1804/18

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട് - 673 017
ഫോൺ നമ്പർ - 0495 2356805
ഫാക്സ് നമ്പർ - 0495 2357329
ഇ-മെയ്ൽ - kirtads@kerala.gov.in
തീയതി : 18/06/2018.

## ദർഘാസ് വിജ്ഞാപനം നമ്പർ 4/2018-19

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് - 17 ലേക്ക് 2018-19 സാമ്പത്തിക വർഷത്തെ പരിശീലന പരിപാടിയിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

അടങ്കൽ തുക : 4,00,000/-

**നിബന്ധനകൾ**

1. 2019 മാർച്ച് 31 വരെ കിർടാഡ്സ് ക്യാമ്പസിൽ വെച്ചു നടക്കുന്ന പരിശീലന പഠന പരിപാടികളിലും സെമിനാർ, മേളകൾ തുടങ്ങിയ പരിപാടികളിലും പങ്കെടുക്കുന്നവർക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് ഈ ടെണ്ടർ വിളിക്കുന്നത്.
2. ഓരോ ദിവസവും അതതു നേരത്ത് വിതരണം ചെയ്യേണ്ട ഭക്ഷണ ക്രമം അന്യത്ര കൊടുത്ത പട്ടികയിൽ വിവരിച്ചിട്ടുണ്ട്.
3. ടി പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഇനം പാചകം ചെയ്ത ഭക്ഷണം, അതേ സമയത്തും അളവിലും വിതരണം ചെയ്യുന്നതിന് ഒരു ദിവസം ഒരാൾക്ക് എന്തു നിരക്ക് വരും (ഇന്ത്യൻ രൂപയിൽ) എന്നാണ് ക്വാട്ട് ചെയ്യേണ്ടത്.
4. കിർടാഡ്സ് കാര്യാലയത്തിലെ അടുക്കളയിൽ വെച്ചു വേണം പാചകം ചെയ്യാൻ. ആവശ്യമായ പാത്രങ്ങളും, ഇന്ധനവും കരാറുകാരൻ സ്വന്തം നിലയിൽ ഏർപ്പാടു ചെയ്യണം. കിർടാഡ്സിൽ നിലവിൽ ലഭ്യമായ പാത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.
5. പട്ടികയിൽ പറഞ്ഞതിനു പുറമെ ശുദ്ധമായ കുടിവെള്ളവും തിളപ്പിച്ചു തയ്യാറാക്കി കൊടുക്കേണ്ടതാണ്.

6. ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് കേരള സർക്കാർ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ FSSAI സർട്ടിഫിക്കറ്റ് നിലവിലുണ്ടായിരിക്കണം.
7. FSSAI സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. ഓരോ പരിപാടിയിലും പങ്കെടുക്കാൻ സാധ്യതയുള്ളവരുടെ ഉദ്ദേശ്യം എണ്ണം മൂന്നു ദിവസം മുമ്പായി അറിയിക്കുന്നതാണ്. എന്നാൽ പരിപാടി ദിവസങ്ങളിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്ന ആൾക്കാർക്ക് ഭക്ഷണം ലഭ്യമാക്കേണ്ടതാണ്.

- ടെണ്ടർ ഫോറം വാങ്ങേണ്ട തീയ്യതി : 18/06/2018, 03/07/2018 തീയ്യതികളിൽ രാവിലെ 10 മുതൽ ഉച്ചക്ക് 1.00 വരെ കിർടാഡ്സ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.
- ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതി : 03/07/2018, 1.00 pm
- ടെണ്ടർ തുറക്കുന്ന തീയ്യതി : 03/07/2018, 3.00 pm
- അടങ്കൽ തുക : 4,00,000/-
- ടെണ്ടർ ഫീ : Rs. 800 + GST = 944
- EMD : Rs. 4,000/-

ബഹു. കേരള ഗവർണർക്കുവേണ്ടി

(ഒപ്പ്/-)
ഡയറക്ടർ i/c

ഡയറക്ടർക്കുവേണ്ടി

കോപ്പി:

1. Director
   I &PRD, Thiruvananthapuram (with C/L)
2. ആഫീസ് കോപ്പി

പകർപ്പ്

നോട്ടീസ് ബോർഡ്

AVP 18/6/18

കോഴിക്കോട്
-673017